# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6156 — 02/04/2018-ൽ മറുപടിക്ക്

**പുരയിടങ്ങളിലൂടെയും വീടിനു സമീപത്തു കൂടിയും വൈദ്യുതി ലൈനുകൾ വലിക്കുന്നതു മൂലമുള്ള ബുദ്ധിമുട്ടുകൾ**

| | ചോദ്യം<br><br>**ശ്രീ.മഞ്ഞളാംകുഴി അലി** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള പുരയിടങ്ങളിലൂടെയും വീടിനു സമീപത്തു കൂടിയും വൈദ്യുതി ലൈനുകൾ വലിക്കുന്നതു മൂലം ടി വ്യക്തികൾക്കുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഇതു സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ വൈദ്യുതി ലൈനുകൾ ഉള്ളതു കാരണം ഈ വ്യക്തികൾക്ക് പലപ്പോഴും ഇത്തരം പുരയിടങ്ങളിൽ വീടോ മറ്റ് നിർമ്മാണമോ നടത്തുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | സ്വകാര്യ വ്യക്തികളുടെ അനുമതിയോട് കൂടി ടി വ്യക്തികളുടെ പുരയിടത്തിലൂടെ വൈദ്യുതി ലൈനുകൾ വലിച്ചതിന് ശേഷം പുതിയതായി പൊതുവഴി രൂപം കൊള്ളുന്ന പക്ഷം വൈദ്യുത പോസ്റ്റും വൈദ്യുതലൈനും ഇത്തരം വഴിയിലേക്ക് മാറ്റുന്നതിന് കെ.എസ്.ഇ.ബി. നടപടി സ്വീകരിക്കാറുണ്ടോ. ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (സി) | സ്വകാര്യ വ്യക്തികളുടെ അനുമതിയോട് കൂടി ടി വ്യക്തികളുടെ പുരയിടത്തിലൂടെ വൈദ്യുതി ലൈനുകൾ വലിച്ചതിന് ശേഷം പുതിയതായി പൊതുവഴി രൂപം കൊള്ളുന്ന പക്ഷം വൈദ്യുത പോസ്റ്റും വൈദ്യുത ലൈനും ഇത്തരം വഴിയിലേക്ക് മാറ്റുന്നതിന്, മറ്റ് സാങ്കേതിക തടസ്സങ്ങൾ ഒന്നും ഇല്ലാത്ത സാഹചര്യങ്ങളിൽ, ഷിഫ്റ്റിങ്ങിന് ആവശ്യമായ ചെലവ് വഹിക്കുകയാണെങ്കിൽ, ഡെപ്പോസിറ്റ് വർക്കിൽ മാറ്റി സ്ഥാപിക്കാറുണ്ട്. വ്യക്തികളുടെ പുരയിടത്തിലൂടെ വലിച്ച ലൈനുകൾ വീടോ മറ്റ് നിർമ്മാണമോ നടത്തുവാനായി അതേ പുരയിടത്തിലെ തന്നെ മറ്റൊരു ഭാഗത്തേക്ക് മാറ്റുവാനായി അധിക സാധന സാമഗ്രികൾ ആവശ്യമില്ലെങ്കിൽ സാങ്കേതിക ബുദ്ധിമുട്ടുകൾ ഇല്ലാത്ത പക്ഷം ലേബർ ചാർജ്ജ് മാത്രം ഈടാക്കി മാറ്റി നല്കാറുണ്ട്. |

സെക്ഷൻ ഓഫീസർ